# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-26

## ജി.യു.പി.എസ് കൂക്കാനം

## ഉള്ളടക്കം

ആമുഖം.......................................................4

മികവിന്റെ പാതയിലേക്കുള്ള കുതിപ്പ് ......................5

പൊതുലക്ഷ്യങ്ങൾ ...........................................6

മലയാളം ......................................................8

ഇംഗ്ലീഷ് .......................................................10

ഹിന്ദി ..........................................................11

ഗണിതം........................................................12

ശാസ്ത്രം ......................................................13

സാമൂഹ്യശാസ്ത്രം ...........................................14

ICT അധിഷ്ഠിത വിദ്യാഭ്യാസം ..............................15

ക്ലബ്ബ് പ്രവർത്തനങ്ങൾ .......................................16

കലാ കായിക വിദ്യാഭ്യാസം..................................17

ബാലസഭ, സാഹിത്യസമാജം ................................18

സ്കൂൾ പാർലമെന്റ് ......................................... 19

പ്രതിമാസ പ്രവർത്തന കലണ്ടർ 2024-25................... 20-37

# അടിസ്ഥാനവിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ഗവ. യുപി. സ്കൂൾ കൂക്കാനം |
| വിലാസം | : | കൂക്കാനം, കരിവെള്ളൂർ പി ഒ. |
| | | കണ്ണൂർ ജില്ല, 670521 |
| ഫോൺ | : | 04985 262241 |
| ഇ-മെയിൽ വിലാസം | : | gupskookkanam@gmail.com |
| സ്കൂൾ കോഡ് | : | 13969 |
| വിദ്യാഭ്യാസ ഉപജില്ല | : | പയ്യന്നൂർ |
| വിദ്യാഭ്യാസ ജില്ല | : | തളിപ്പറമ്പ |
| ബി ആർ സി | : | പയ്യന്നൂർ |
| സി ആർ സി | : | കരിവെള്ളൂർ |
| ഗ്രാമ പഞ്ചായത്ത് | : | കരിവെള്ളൂർ- പെരളം (നാലാം വാർഡ്) |
| നിയമസഭാ മണ്ഡലം | : | പയ്യന്നൂർ |
| ലോകസഭാ മണ്ഡലം | : | കാസർഗോഡ് |
| വിദ്യാലയം സ്ഥാപിച്ചത് | : | 1962 |

# ആമുഖം

അക്ഷരദീപ്തിയിൽ 62 വർഷം പിന്നിടുന്ന കൂക്കാനം ഗവ.യു.പി സ്കൂൾ ഇന്ന് മികവിന്റെ പാതയിലാണ്. 1962 ൽ സ്ഥാപിക്കപ്പെട്ട ഈ വിദ്യാലയം കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്തിലെ ഏക സർക്കാർ യു.പി സ്ക്കൂളാണ്.

വിദ്യാഭ്യാസപരമായി ഏറെ പിന്നോക്കം നിൽക്കുന്ന കുക്കാനത്ത് ഒരു പ്രാഥമിക വിദ്യാലയം സ്ഥാപിക്കുക എന്നത് ഇന്നാട്ടുകാരുടെ ചിരകാലാഭിലാഷമായിരുന്നു. വിദ്യാഭ്യാസ തൽപരരായ പൗരപ്രമുഖരുടെ നിരന്തരമായ പരിശ്രമത്തിന്റെ ഫലമായി 1962 ൽ ഗവൺമെന്റ് ഒരു എൽ.പി സ്കൂൾ

അനുവദിച്ചു നൽകി. തുടർന്ന് ശ്രീ.പി.കുഞ്ഞപ്പൻ നായർ, ശ്രീ കെ നാരായണൻ, ശ്രീ കെ.പി കുഞ്ഞിക്കണ്ണൻ, ശ്രീ.കെ കൃഷ്ണൻ മാസ്റ്റർ എന്നിവർ നേതൃത്വം നൽകുന്ന ഒരു സ്പോൺസറിംഗ് കമ്മിറ്റി രൂപീകരിച്ചു. ശ്രീ കോയ്യൻ ചിരുകണ്ഠൻ നാമമാത്ര പ്രതിഫലത്തിന് സ്കൂളിനാവശ്യമായ സ്ഥലം വിട്ടു നൽകി. ക്ലാസ് നടത്താനാവശ്യമായ ഓല മേഞ്ഞ താത്കാലിക കെട്ടിടം നാട്ടുകാരാണ് നിർമ്മിച്ചത്. 1978 ൽ 4 ക്ലാസ് മുറിയും ഓഫീസും അടങ്ങിയ കെട്ടിടം സർക്കാർ നിർമ്മിച്ചു. 1990 ൽ സ്കൂൾ യു.പി സ്കൂളായി ഉയർത്തപ്പെട്ടു. തുടർന്ന് പി.ടി.എ യുടെ നേതൃത്വത്തിൽ 3 മുറികളുടെ ഒരു സെമി പെർമനന്റ് കെട്ടിടം നിർമ്മിച്ചു.. 2023 ൽ പുതിയ സ്കൂൾ കെട്ടിടത്തിന് എം.എൽ.എ. ഫണ്ടിൽ നിന്ന് ഒരു കോടി രൂപ അനുവ ദിച്ചിട്ടുണ്ട്. ബഹു.പയ്യന്നൂർ എം.എൽ.എ.ടി.ഐ.മധുസൂദനൻ കെട്ടിടത്തിന് തറക്കല്ലി ട്ടു. നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നു.

കരിവെള്ളൂർ - പെരളം ഗ്രാമപഞ്ചായത്തിലെ ഏക ക്രിയേറ്റീവ് കോർണറും i LAB ഉം സ്കൂളിന് അനുവദിച്ചിട്ടുണ്ട്. കുട്ടികളിൽ ശാസ്ത്രഅഭിരുചി വളർത്തുന്ന തിന് ഏറെ പ്രയോജനകരമാണ് ഇവ.

# മികവിന്റെ പാതയിലേക്കുള്ള കുതിപ്പ്

ഇന്ന് പയ്യന്നൂർ ഉപജില്ലയിലെ മികച്ച വിദ്യാലയങ്ങളിലൊന്നായ കൂക്കാനം ഗവ. യു.പി സ്കൂളിന് മെച്ചപ്പെട്ട ഭൗതിക സൗകര്യങ്ങൾ ഉണ്ട്. വിശാലമായ കളിസ്ഥലവും എസ്.എസ്.എ യുടെ മേജർ റിപ്പേർ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ഹാളും എം.എൽ.എ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ഓപ്പൺ ഓഡിറ്റോറിയവും വലിയ ഭൗതിക നേട്ടങ്ങളാണ്. അതിനു പുറമേ സുസജ്ജമായ കംപ്യൂട്ടർ ലാബും മെച്ചപ്പെട്ട സൗകര്യങ്ങളുള്ള അടുക്കളയും ഉണ്ട്. ഗ്രാമപഞ്ചായത്തിന്റെയും ജനപ്രതിനിധി കളുടെയും സഹായത്തോടെയാണ് ഈ സൗകര്യങ്ങളെല്ലാം ലഭ്യമാക്കിയത്.

ഭൗതിക സൗകര്യങ്ങളുടെ മാറ്റത്തിനനുസരിച്ച് കുട്ടികളുടെ എണ്ണത്തിലും പുരോഗതിയുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. സമീപസ്കൂളുകളിലെല്ലാം കുട്ടികളുടെ എണ്ണത്തിൽ വലിയ കുറവുണ്ടായപ്പോഴും കുട്ടികളുടെ എണ്ണം നിലനിർത്താനും ഈ വർഷം വലിയ പുരോഗതിയുണ്ടാക്കാനും കഴിഞ്ഞിട്ടുണ്ട്.

| വർഷം | കുട്ടികളുടെ എണ്ണം |
|---|---|
| 2013-14 | 163 |
| 2014-15 | 164 |
| 2015-16 | 160 |
| 2016-17 | 164 |
| 2017-18 | 189 |
| 2018-19 | 190 |
| 2020-21 | 223 |
| 2021-22 | 222 |
| 2022-23 | 238 |
| 2023-24 | 230 |
| 2024-25 | 234 |
| 2025-26 | 238 |

ഇത്തവണ പുതുതായി തുടങ്ങിയ ' പ്രീപ്രൈമറി പ്രീപ്രൈമറി ക്ലാസ്സിൽ 44 കുട്ടികൾ പഠിക്കുന്നുണ്ട്. ഭൗതിക സൗകര്യങ്ങളിലും പഠനാന്തരീക്ഷത്തിലും പഠന നിലവാരത്തിലും ഇനിയും ഉയർച്ചയുണ്ടായാൽ കുട്ടികളുടെ എണ്ണം വർദ്ധിക്കാൻ സാധ്യതയുണ്ട്. അതിനുള്ള പരിശ്രമങ്ങൾ കഴിഞ്ഞ വർഷം തയ്യാറാക്കിയ സമഗ്ര

ഗുണമേന്മാ വിദ്യാലയ വികസന പദ്ധതിയുടെയും ഇപ്പോൾ നടത്തുന്ന അക്കാദമിക് മാസ്റ്റർ പ്ലാനിന്റെയും ഭാഗമായി നടക്കുന്നുണ്ട്.

## പൊതു ലക്ഷ്യങ്ങൾ

കേരളത്തിലെ വിദ്യാർത്ഥികളെ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുക എന്ന മഹത്തായ ലക്ഷ്യത്തോടെ കേരള സർക്കാർ നടപ്പാക്കി വരുന്ന പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഈ വിദ്യാലയത്തിലെ മുഴുവൻ കുട്ടികളെയും പ്രസ്തുത നിലവാരത്തിലെത്തിക്കുക എന്നതാണ് ഈ പദ്ധതിയുടെ അടിസ്ഥാന ലക്ഷ്യം.

1. പ്രീപ്രൈമറി മുതൽ ഏഴാം ക്ലാസ്സ് വരെ ഓരോ ക്ലാസ്സിലും കുട്ടികൾ നേടിയെടുക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും നേടിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുക.
2. എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവങ്ങൾ ലഭിക്കുന്നതിനും സർഗശേഷികൾ പ്രകടിപ്പിക്കുന്നതിനും അവസരമൊരുക്കുക.
3. ഉന്നതനിലവാരത്തിലുള്ള അധ്യാപനം ഉറപ്പു വരുത്തുന്നതിനാവശ്യമായ അധ്യാപക ശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്യുക.
4. ഉന്നത പഠനനിലവാരം ഉറപ്പു വരുത്തുന്നതിനാവശ്യമായ അടിസ്ഥാന ഉപകരണങ്ങളും ഭൗതിക സൗകര്യങ്ങളും ലഭ്യമാക്കുക.
5. ഐ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പു വരുത്തുക.
6. കലാ കായിക പ്രവൃത്തി പരിചയ മികവുകൾ ഉറപ്പു വരുത്തുന്നതിന് ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കുക.
7. പഠനം ആകർഷകവും സർഗ്ഗാത്മകവും ആനന്ദ ദായകവും ആകുന്ന തരത്തിൽ വിദ്യാലയത്തിന്റെ പഠനാന്തരീക്ഷം മെച്ചപ്പെടുത്തുക.
8. പഠനത്തിൽ പിന്നോക്കക്കാരെ തുടക്കത്തിലേ കണ്ടെത്തി ആവശ്യമായ സഹായം പാഠ്യ പദ്ധതിയുടെ ഭാഗമായി നൽകുക.
9. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ഒരുക്കുക.

10. വിദ്യാലയം ഒരു പാഠപുസ്തകം എന്ന ആശയം മുൻനിർത്തി അറിവ് നിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങളായി മാറ്റും.
11. കൃഷി, ഔഷധത്തോട്ടം ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘടനകൾ രൂപീകരിക്കൽ
12. കുട്ടികളുടെ പൊതു വിജ്ഞാനം വർദ്ധിപ്പിച്ച് മത്സരങ്ങളിൽ വിജയികളാകുക
13. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം നൽകുക.
14. സാമൂഹിക സേവനം പ്രതിബന്ധത ആർജ്ജിക്കുന്നതിനുള്ള സാധ്യതകൾ സൃഷ്ടിക്കുക. (സോഷ്യൽ സർവ്വീസ് സ്കീം)
15. ലഹരിക്കെതിരെ ബോധവന്മാരാക്കുക. ലഹരി വിമുക്ത സമൂഹമ സൃഷ്ടിക്കുക.
16. പൊതുവിദ്യാലയ മികവുകൾ സമൂഹത്തിലെത്തിക്കുക

നാടിറങ്ങി - നാടിനൊപ്പം

(പൊതു ഇട പഠനോത്സവം)

# മലയാളം

## ലക്ഷ്യങ്ങൾ

1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ
2. എല്ലാ കുട്ടികളെയും മികച്ച വായനക്കാരനാക്കുക.
3. വായനാനുഭവങ്ങൾ പങ്കിടുന്നതിനുള്ള അവസരമൊരുക്കുക.
4. കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുക.
5. വായനാ പരിപോഷണത്തിന് സമൂഹത്തിന്റെ സഹായവും പിന്തുണയും ലഭ്യമാക്കുക.
6. രക്ഷിതാക്കളെ വായനയുടെ പ്രാധാന്യവും പ്രക്രിയയും ബോധ്യപ്പെടുത്തുക.
7. വായനയിൽ നിന്ന് രചനയിലേക്ക് നയിക്കുക.

## പ്രവർത്തനങ്ങൾ

1. പ്രീടെസ്റ്റ് - വായനയിലും ലേഖനത്തിലും കുട്ടികളുടെ നിലവിലുള്ള അവസ്ഥ തിരിച്ചറിയുന്നതിന്.
2. കുട്ടികളുടെ അവസ്ഥ പ്രത്യേക പുസ്തകങ്ങളിൽ രേഖപ്പെടുത്തുന്നു. (കഴിവുകളും കോട്ടങ്ങളും)
3. ക്ലാസ് പി ടി എ വിളിച്ച് ചേർത്ത് പ്രീടെസ്റ്റ് ഫലം വിശകലനം ചെയ്യുന്നു.
4. രക്ഷിതാക്കളുടെയും കൂടെ സഹകരണത്തോടെ ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.
5. അക്ഷര കാർഡുകൾ, കഥാചാർട്ടുകൾ, കഥാ പുരണം, തലക്കെട്ട് നൽകൽ, സി ഡി ഉപയോഗിച്ച് വാക്യങ്ങൾ എഴുതിക്കൽ - കാലയളവ് 1 മാസം (ജൂൺ)- കാർഡുകൾ, കഥാചാർട്ട്, സി ഡി
6. ക്ലാസ് ലൈബ്രറി ശക്തിപ്പെടുത്തൽ
7. നിലവിൽ ലഭ്യമായ പുസ്തകങ്ങളുടെ കണക്കെടുപ്പ്. പുസ്തകങ്ങളെ തരം തിരിക്കൽ ( കുട്ടികളുടെ നിലവാരമനുസരിച്ച്).
8. ഇംഗ്ലീഷ് ചിത്രകഥാ പുസ്തകങ്ങൾ ശേഖരിക്കുക.
9. രക്ഷിതാക്കളുടെ സഹായത്തോടെ വായനാ കാർഡുകൾ തയ്യാറാക്കുക. (1,2 ക്ലാസ്സുകൾ)
10. ഓരോ ക്ലാസിനും ആവശ്യമായ ബാല പ്രസിദ്ധീകരണങ്ങൾ, പത്രങ്ങൾ എന്നിവ ലഭ്യമാക്കുക.- രക്ഷിതാക്കളുടെ സഹായത്തോടെ സ്പോൺസർമാരെ കണ്ടെത്തുക.
11. പത്ര ക്വിസ്

12. ക്ലാസ് ലൈബ്രറിയിൽ നിന്ന് കുട്ടികൾ വായിക്കുന്ന പുസ്തകങ്ങളുടെ എണ്ണവും പേരും ക്ലാസിൽ പ്രദർശിപ്പിക്കുക.
13. നല്ല വായനക്കാരെ അനുമോദിക്കൽ.
14. മുഴുവൻ കുട്ടികൾക്കും സമീപത്തെ ഗ്രന്ഥശാലയിൽ അംഗത്വം.
15. കുട്ടികളുടെ വായനാക്കുറിപ്പ്.
16. വായനാക്കുറിപ്പുകളെ പതിപ്പാക്കി മാറ്റുന്നു.
17. സ്കൂൾ അസംബ്ലിയിൽ ദിവസവും ഒരു പുസ്തകമോ എഴുത്തുകാരനെയോ പരിചയപ്പെടുത്തുന്നു.
18. വായനാനുഭവം പങ്കുവെക്കൽ (5,6,7 ക്ലാസ്സുകൾ)
19. പുസ്തക ചർച്ച. (മുതിർന്ന കുട്ടികൾക്ക്)
20. സ്കൂൾ ആകാശവാണിയിലൂടെ വായനാനുഭവങ്ങൾ പങ്കുവെക്കൽ, പുസ്തകപരിചയം, എഴുത്തുകാരെ പരിചയപ്പെടുത്തൽ.
21. ക്ലാസിൽ അധ്യാപികയുടെ പുസ്തക പരിചയം ( എൽ പി ക്ലാസുകളിൽ).
22. അസംബ്ലിയിലെ പത്ര വായന.
23. കാവ്യോത്സവം (3,4 ക്ലാസുകൾ)
24. സമീപത്തെ വായനശാലയുടെ സഹകരണത്തോടെ കുട്ടികളുടെ വായനാക്കുറിപ്പിന് സമ്മാനം നൽകൽ.
25. പുസ്തകപ്രസിദ്ധീകരണം.
26. ഓരോ കുട്ടിയും ഒരു കൈയെഴുത്ത് മാസിക.
27. ഓരോ ടേമിലും ക്ലാസ് തലത്തിൽ കൈയെഴുത്ത് മാസിക.
28. ചുമർ പത്രങ്ങൾ– ദിനാചരണങ്ങളുടെ ഭാഗമായി.
29. എഴുത്തുകാരുമായി അഭിമുഖം– ചോദ്യാവലി തയ്യാറാക്കൽ.
30. ബാലസഭ/ സാഹിത്യസമാജം.
31. കുട്ടികളുടെ എഴുത്തുകൂട്ടം രൂപീകരിക്കൽ
32. വിദ്യാരംഗം കലാസാഹിത്യവേദിയുടെ പ്രവർത്തനം ശക്തിപ്പെടുത്തുക.
33. പ്രാദേശിക വാർത്തകൾ ഉൾപ്പെടുത്തി പത്രം തയ്യാറാക്കൽ. - കക്കാനം ടൈംസ്
34. ജീവചരിത്ര കുറിപ്പുകൾ ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുക.
35. 5,6,7 ക്ലാസ്സിലെ കവിതകൾ കുട്ടികളിലേക്ക് എത്തിക്കുന്നതിനായി മറത്തുകളി, പൂരക്കളി
36. പുസ്തകപെട്ടി
37. ആശയശേഖരണ യാത്രകൾ
38. ഷോട്ഫിലിം നിർമ്മാണം

# ഇംഗ്ലീഷ്

**<u>ലക്ഷ്യങ്ങൾ</u>**

1. ഇംഗ്ലീഷിൽ അനായാസം ആശയവിനിമയം നടത്താനുള്ള കഴിവുണ്ടാകുക.
2. ഇംഗ്ലീഷ് പഠനം ആസ്വാദ്യകരവും കാര്യക്ഷമവുമാക്കുക.
3. ഇംഗ്ലീഷ് ഭാഷാന്തരീക്ഷം വളർത്തുക.

**<u>പ്രവർത്തനങ്ങൾ</u>**

1. ഇംഗ്ലീഷ് സ്റ്റോറി കാർഡുകൾ തയ്യാറാക്കുക (എൽ പി ക്ലാസ്സുകൾക്ക്).
2. ഇംഗ്ലീഷ് അസംബ്ലി- ആഴ്ചയിൽ ഒരു ദിവസം - എല്ലാ കാര്യങ്ങളും ഇംഗ്ലീഷിൽ- കുട്ടികളുടെ ലഘുകഥകൾ, സ്കിറ്റുകൾ, പത്രവാർത്ത എന്നിവ ആകാം.
3. ഇംഗ്ലീഷ് ക്വിസ്- മാസത്തിൽ ഒരു തവണ. മാർച്ച് മാസത്തിൽ മെഗാക്വിസ്- മൾട്ടിമീഡിയ

ഇംഗ്ലീഷ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ക്വിസ് ചോദ്യങ്ങൾ മുൻകൂട്ടി ചാർട്ട് പേപ്പറിൽ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു.

4. Display board for English

- ചെറുവാർത്തകൾ- അറിയിപ്പുകൾ- words of the day- Thought of the day എന്നിവ.

5. ഇംഗ്ലീഷ് ഡയറി എഴുത്ത്- ആഴ്ചയിൽ ഒരു തവണ.
6. Public speaking- ഓഡിയോ വീഡിയോ സംവിധാനമുപയോഗിച്ച് മികച്ച പ്രസംഗങ്ങൾ കേൾക്കാൻ അവസരം.
7. Let's talk  എല്ലാ ദിവസവും 10 മിനുട്ട് സമയം വീട്ടുവിശേഷങ്ങൾ, ലീവ്, ഉത്സവങ്ങൾ എന്നിവയെ കുറിച്ച് കുട്ടികൾ സംസാരിക്കുന്നു.
8. ഇംഗ്ലീഷ് മാഗസിൻ, പത്രം - (യു പി ക്ലാസുകൾ)

വർഷത്തിൽ ഒന്നോ രണ്ടോ മാഗസിൻ- മാസത്തിൽ ഒരു പത്രം- പ്രാദേശിക-സ്കൂൾ വാർത്തകൾ ഉൾപ്പെടുത്തി.

9. ബിഗ് പിക്ചർ - ക്ലാസ്സ് റൂം പ്രവർത്തനത്തിന്റെ ഭാഗമായി കുട്ടികൾ തയ്യാറാക്കുന്ന ഉൽപ്പന്നങ്ങൾ ചേർത്ത്.
10. സ്കിറ്റ്- പാഠഭാഗങ്ങളെ സ്കിറ്റ് രൂപത്തിലാക്കി അസംബ്ലിയിലോ ഇംഗ്ലീഷ് സമാജത്തിലോ അവതരിപ്പിക്കുന്നു.

11. ഇംഗ്ലീഷ് ബാലസഭ, ഇംഗ്ലീഷ് തിയറ്റർ

12. കോറിയോഗ്രാഫി

13. സിനിമാ, ഡോക്യുമെന്ററി പ്രദർശനം

14. ഇംഗ്ലീഷ് ക്യാമ്പ്.

15 സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സ്- വിദഗ്ധരുടെ സഹായത്തോടെ

16. സ്പെഷൽ ഇംഗ്ലീഷ് ക്ലാസ്സ് എല്ലാ ദിവസവും 40 മിനുട്ട്

അധികമായെടുത്ത്- പ്രത്യേക മോഡ്യൂളിന്റെ സഹായത്തോടെയുള്ള ക്ലാസ്സ് ഗ്രാമറിനും ശൈലികൾക്കും പ്രാധാന്യം നൽകാം.

17. ഇംഗ്ലീഷ് ഡേ - ആഴ്ചയിൽ ഒരു ദിവസം - എല്ലാ സംഭാഷണങ്ങളും ഇംഗ്ലീഷിൽ

## ഹിന്ദി

### ലക്ഷ്യങ്ങൾ

1. ഹിന്ദിയിൽ ആശയവിനിമയം നടത്തുന്നതിനുള്ള കഴിവ് നേടുക.
2. ഹിന്ദി പഠനം ആസ്വാദ്യകരവും കാര്യക്ഷമവുമാക്കുക.

### പ്രവർത്തനങ്ങൾ

1. പ്രീ ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുക. (ജൂൺ 6,7 ക്ലാസ്സുകൾ)
2. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേകം പരിശീലനം നൽകുക. (ജൂൺ, ജൂലൈ മാസങ്ങൾ)
3. ഹിന്ദി ചുമർ പത്രം - ദിനാചരണങ്ങളുടെ ഭാഗമായി ക്ലാസ്സുകളിൽ ഹിന്ദി ചുമർ പത്രം.
4. ഹിന്ദി ഫെസ്റ്റ് - വർഷാവസാനം.
5. സുഗമ ഹിന്ദി പരീക്ഷ.
6. റേഡിയോ, ടി വി ഹിന്ദി വാർത്തകൾ കേൾക്കാൻ അവസരം.
7. ഹിന്ദി സിനിമകൾ, ഡോക്യുമെന്ററികൾ പ്രദർശനം.
8. സ്കൂൾ ആകാശവാണിയിൽ ഹിന്ദി വാർത്ത വായന.
9. ഹിന്ദി ഫെസ്റ്റ്- ദേശീയ ഹിന്ദി ദിനത്തിന്റെ ഭാഗമായി ഹിന്ദി ക്ലബ്ബിന്റെ നേതൃത്വത്തിൽ വിവിധ പ്രവർത്തനങ്ങൾ.
10. ഹിന്ദി സ്റ്റോറി കാർഡുകൾ ലഭ്യമാക്കുക.
11. നാടകീകരണം - നാടകങ്ങൾ സ്കൂൾ സാഹിത്യസമാജം മറ്റു പൊതു

പരിപാടികൾ എന്നിവയിൽ അവതരിപ്പിക്കുന്നു.

12. ഹിന്ദി കവിതകളുടെ ഓഡിയോ കേൾക്കാൻ അവസരം നൽകുക.
13. പ്രാദേശിക വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തുക.
14. സുരലി ഹിന്ദി

# ഗണിതം

**ലക്ഷ്യങ്ങൾ**

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മറ്റു വിഷയങ്ങളുടെ പഠനത്തെ സഹായിക്കാവുന്ന ഗണിതശേഷികൾ നേടുന്നതിനുമുള്ള കഴിവ് വളർത്തുക.
3. ഓരോ ക്ലാസ്സിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ മുഴുവൻ കുട്ടികളും നേടി എന്ന് ഉറപ്പു വരുത്തുക.

**പ്രവർത്തനങ്ങൾ**

1. ഗണിതത്തിലെ പിന്നോക്കാവസ്ഥ പരിഹരിക്കൽ

1. പ്രീടെസ്റ്റ്

2. സംഖ്യാബോധം ഉറപ്പിക്കൽ

2. ഗണിത ലാബ് നവീകരണം- കുട്ടികൾക്ക് സ്വയം പ്രവർത്തിക്കുന്ന ഉപകരണൾ സജ്ജമാക്കുക.

3. ഗണിത ക്ലിനിക്ക്

4. ഓണസ്റ്റി ഷോപ്പ്

5. ഗണിത ക്വിസ്സ് (എല്ലാ മാസവും)

6. ഗണിത ക്ലബ്ബിന്റെ പ്രവർത്തനം സജീവമാക്കുക - പസിൽസ്, കുസൃതിക്കണക്ക് മത്സരങ്ങൾ.

7. ഗണിതം മധുരം ക്യാമ്പുകൾ.

8. ഉപകരണ നിർമ്മാണ ശില്പശാല, ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം.

9. വിദഗ്ധരുടെ ക്ലാസ്സുകൾ

10. ഗണിത പ്രൊജക്റ്റ്- വീടുകളിലെ വരവ് ചെലവ് കണക്കാക്കൽ

11. ഗണിത മേള- പ്രദർശനം

12. ഗണിത പ്രതിഭകളെ വളർത്തുന്നതിന് മുന്നോക്കക്കാർക്കായി കൂടുതൽ നിലവാരമുള്ള വർക്ക് ഷീറ്റുകൾ തയ്യാറാക്കൽ.
13. ഗണിത പതിപ്പുകൾ - മാഗസിൻ.
14. ജാമിതീയ രൂപങ്ങൾ നിത്യജീവിതത്തിൽ - പ്രൊജക്ട്

# ശാസ്ത്രം

**ലക്ഷ്യങ്ങൾ**

1. ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക.
2. ശാസ്ത്രീയ മനോഭാവം, ശാസ്ത്രീയ ബോധം എന്നിവ വികസിപ്പിക്കുക.
3. ശാസ്ത്ര രംഗത്തെ നൂതനാശയങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുക.
4. ആധുനിക സാങ്കേതിക വിദ്യകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക
5. കുട്ടി ശാസ്ത്രജ്ഞരെ വളർത്തിയെടുക്കുക.
6. ചെലവ് കുറഞ്ഞ സാമഗ്രികൾ ഉപയോഗിച്ച് . ശാസ്ത്ര പഠനത്തിനാവശ്യമായ ഉപകരണങ്ങൾ വികസിപ്പിക്കുക.
7. കുട്ടികൾക്ക് സ്വന്തമായി പരീക്ഷണങ്ങളിലേർപ്പെടാനുള്ള കഴിവുണ്ടാക്കുക.
8. പ്രപഞ്ച വിജ്ഞാനത്തോട് ആഭിമുഖ്യമുണ്ടാക്കുക
9. പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക.
10. കാർഷിക വൃത്തിയോട് ആഭിമുഖ്യമുണ്ടാക്കുക.
11. ശാസ്ത്രീയ കൃഷിരീതികളെ കുറിച്ച് ധാരണയുണ്ടാക്കുക.

**പ്രവർത്തനങ്ങൾ**

1. നിലവിൽ ലഭ്യമായ ശാസ്ത്രോപകരണങ്ങൾ ഓരോ ക്ലാസ്സിനും അനുയോജ്യമായ തരത്തിൽ ക്രമീകരിക്കുക.
2. ഭാവിയിൽ ശാസ്ത്ര ലാബിനായി പ്രത്യേക മുറിയൊരുക്കി എല്ലാ തരം ഉപകരണങ്ങളും രാസവസ്തുക്കളും ലഭ്യമാക്കുക.
3. ഓരോ ക്ലാസ്സിലും പാഠ്യപദ്ധതിയനുസരിച്ച് നടത്താവുന്ന പരീക്ഷണങ്ങളുടെ ലിസ്റ്റ് മുൻകൂട്ടി തയ്യാറാക്കുക.- ഇനി ആവശ്യമുള്ള സമഗ്രകളുടെ ലിസ്റ്റ് തയ്യാറാക്കുക.

4. പ്രാദേശികമായി ലഭ്യമാകുന്ന ചെലവു കുറഞ്ഞ പരീക്ഷണ സാമഗ്രികൾ കുട്ടികളും അധ്യാപകരും ചേർന്ന് നിർമ്മിക്കുക- ഇതിനായി പ്രാദേശിക വിദഗ് ധർ പൂർവ്വവിദ്യാർത്ഥികൾ എന്നിവരുടെ സഹായം തേടാം.
5. പരീക്ഷണോത്സവം, ശാസ്ത്രമേള നാട്ടുകാരെയും മറ്റ് സ്കൂളിലെ കുട്ടികളെയും ക്ഷണിക്കാം.
6. ഫീൽഡ് ട്രിപ്പ്- പ്ലാനറ്റോറിയം സയൻസ് പാർക്ക്, കാർഷിക ഗവേഷണ കേന്ദ്രങ്ങൾ, സർക്കാർ- സ്വകാര്യതോട്ടങ്ങൾ
7. സയൻസ് ക്വിസ്, ബഹിരാകാശ ക്വിസ്.
8. ബഹിരാകാശ രംഗത്തെ ഇന്ത്യയുടെ നേട്ടങ്ങളെ കുറിച്ച് മനസ്സിലാക്കാൻ സി ഡി പ്രദർശനം.
9. വാനനിരീക്ഷണ ക്യാമ്പ്.
10. മദ്യം, മയക്കുമരുന്ന് എന്നിവയ്ക്കെതിരായ ബോധവത്കരണ ക്ലാസ്സുകൾ.
11. ശാസ്ത്രജ്ഞരുടെ പോർട്രെയിറ്റ്, ജീവചരിത്രകുറിപ്പ് പ്രദർശനം.
12. സ്കൂളിലും വീട്ടുവളപ്പിലും പച്ചക്കറിത്തോട്ടം.
13. പ്രകൃതി സൗഹൃദ കൃഷിരീതികളെ കുറിച്ച് ക്ലാസ്സ്.
14. ബഡ്ഡിംഗ് ഗ്രാഫ്റ്റിംഗ് പ്രവർത്തനങ്ങൾ
15. വനയാത്ര, കടൽയാത്ര, വയൽയാത്ര, കുന്നിൻപുറത്തേക്ക്ോ
16. രുചികൂട്ടിന്റെ ശാസ്ത്രം പ്രൊജക്ട്

# സാമൂഹ്യശാസ്ത്രം

**ലക്ഷ്യങ്ങൾ**

1. സാമൂഹ്യശാസ്ത്ര പഠനത്തിൽ താൽപര്യം ഉണ്ടാക്കുക.
2. ജനാധിപത്യ ജീവിതരീതി വളർത്തിയെടുക്കുക.
3. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ സാമൂഹ്യശാസ്ത്ര പഠനത്തിനായി വിനിയോഗിക്കുക.
4. ഭൂമിശാസ്ത്രപഠനം മെച്ചപ്പെടുത്തുക.
5. തൊഴിലിന്റെ മഹത്വം തിരിച്ചറിയുക.
6. ചരിത്ര ശേഷിപ്പുകൾ സംരക്ഷിക്കുന്നതിനുള്ള മനോഭാവം വളർത്തുക.
7. ദേശീയബോധം വളർത്തുക.
8. ദേശീയ നേതാക്കളോടും ദേശീയ ചിഹ്നങ്ങളോടും ആദരവ് ഉണ്ടാക്കുക.

**പ്രവർത്തനങ്ങൾ**

1. ഫീൽഡ് ട്രിപ്പ് - സമീപത്തുള്ള ചരിത്ര ശേഷിപ്പുകൾ സന്ദർശിക്കുക.
2. പഠനയാത്രകൾ - പഴയകാല കൊട്ടാരങ്ങൾ, കോട്ടകൾ, മ്യൂസിയങ്ങൾ എന്നിവയുടെ സന്ദർശനം.
3. സ്കൂൾ തല പ്രദർശനം- പഴയകാലത്തെ വീട്ടുപകരണങ്ങൾ, പണിയായുധങ്ങൾ എന്നിവ ശേഖരിച്ച് പ്രദർശിപ്പിക്കൽ.
4. സാമൂഹ്യശാസ്ത്രലാബ് ഒരുക്കൽ - ഗ്ലോബ്, ഭൂപടം, ഭൂമിശാസ്ത്ര പഠനത്തിനുള്ള വിവിധ മാതൃകകൾ എന്നിവ ഒരുക്കുക.
5. ദിനാചരണങ്ങൾ- പോർട്രെയ്റ്റ് ഗ്യാലറി, ചുമർ പത്രങ്ങൾ, ചിത്ര പ്രദർശനം.
6. സാമൂഹ്യ പരിഷ്കർത്താക്കളുടെ ചിത്രങ്ങൾ, സേവനങ്ങൾ എന്നിവയുടെ ആൽബം തയ്യാറാക്കൽ.
7. തൊഴിൽ സർവ്വേ - നാട്ടിൽ വിവിധ തൊഴിലുകളിൽ ഏർപ്പെടുന്നവരെ ക്കുറിച്ചുള്ള വിവരശേഖരണം.
8. തൊഴിൽശാല സന്ദർശനം.
9. പത്രക്വിസ്( പ്രതിമാസം)
10. സാമൂഹ്യശാസ്ത്ര ക്വിസ്.
11. സി ഡി, ഇന്റർനെറ്റ് എന്നിവ ഉപയോഗിച്ച് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ചരിത്ര സ്മാരകങ്ങൾ കാണിക്കൽ.
12. ഭൂമിശാസ്ത്ര പഠനത്തിനായി കംപ്യൂട്ടർ ലാബിൽ വേണ്ടുന്ന സൗകര്യങ്ങൾ ഒരുക്കൽ.
13. ചരിത്ര ഇടങ്ങൾ തേടി

# ICT അധിഷ്ഠിത വിദ്യാഭ്യാസം

**ലക്ഷ്യങ്ങൾ**

1. കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും കൈകാര്യം ചെയ്യാനുള്ള ശേഷി നേടുക.
2. കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഉപയോഗിച്ച് സ്വയം പഠനത്തിനുള്ള ശേഷി നേടുക.
3. ഇംഗ്ലീഷിലും മലയാളത്തിലും ടൈപ്പ് ചെയ്യാനും ഇന്റർനെറ്റിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ സ്വന്തം ഫോൾഡറിൽ സേവ് ചെയ്ത് പിന്നീട് ഉപയോഗിക്കാനും ശേഷി നേടുക.

**പ്രവർത്തനങ്ങൾ**

1. എല്ലാ ക്ലാസ്സ് മുറികളും സ്മാർട്ട് ക്ലാസ്സ് റൂമാക്കുക.
2. എല്ലാ അധ്യാപകർക്കും ഐ.ടി ഉപകരണങ്ങൾ ഭംഗിയായി കൈകാര്യം ചെയ്യാനാവശ്യമായ പരിശീലനം ലഭ്യമാക്കുക.
3. ഐ.സി.ടി. സഹായക പഠനത്തിന് അനുയോജ്യമായ പഠനസാമഗ്രികൾ ശേഖരിക്കുക, തയ്യാറാക്കുക.
4. പഠന വിഷയവുമായി ബന്ധപ്പെട്ട കംപ്യൂട്ടർ സാധ്യതകൾ ഓരോ അധ്യാപകനും മുൻകൂട്ടി ലിസ്റ്റ് ചെയ്യുക.
5. ഓരോ കുട്ടികൾക്കും നിശ്ചിത സമയം ലഭിക്കത്തക്ക വിധത്തിൽ ടൈം ടേബിൾ തയ്യാറാക്കുക.
6. ലളിതമായ ഹാർഡ്‌വെയർ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്കൂളിലെ ഒരു അധ്യാപകനെയെങ്കിലും പരിശീലിപ്പിക്കുക.
7. ക്വിസ് മത്സരം മൾട്ടിമീഡിയ ആക്കുക.
8. ക്ലാസ് പി.ടി.എ, ജനറൽ ബോഡി എന്നിവയിൽ ഡിജിറ്റൽ പ്രസന്റേഷൻ നടത്തുക.
9. ഐ ടി @ സ്കൂൾ, ഡയറ്റ് എന്നിവയുടെ സഹായം തേടുക.

## ക്ലബ്ബ് പ്രവർത്തനങ്ങൾ

**ലക്ഷ്യങ്ങൾ**

1. ക്ലബ്ബ് പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുക.
2. കുട്ടികളിൽ നേതൃത്വപാടവം, ആശയവിനിമയ ശേഷി, ശാസ്ത്ര ബോധം, ജനാധിപത്യബോധം എന്നിവ വളർത്തിയെടുക്കുക.
3. വൈവിധ്യമുള്ളതും സർഗ്ഗാത്മകവുമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
4. വിവിധ ക്ലബ്ബ് പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് സമൂഹത്തിൽ സ്കൂളിന്റെ സ്വീകാര്യത ഉയർത്തുക.

**പ്രവർത്തനങ്ങൾ**

1. ഓരോ ക്ലബ്ബിനും വാർഷിക പദ്ധതി തയ്യാറാക്കൽ.
2. പ്രാദേശിക വിദഗ്ധരുടെ സഹായത്തോടെ പ്രവർത്തന കലണ്ടർ തയ്യാറാക്കൽ.
3. ക്ലബ്ബ് പ്രവർത്തനോദ്ഘാടനം.
4. എല്ലാ മാസവും ക്ലബ്ബ് യോഗവും പ്രവർത്തന അവലോകനവും.

5. ക്ലബ്ബുകളുടെ നേതൃത്വത്തിൽ പരീക്ഷണോത്സവം, പ്രദർശനങ്ങൾ, സമിനാർ, സംവാദം, ചർച്ച.
6. മികച്ച പ്രവർത്തനങ്ങൾ ക്ലാസ് പി ടി എയിൽ അവതരിപ്പിക്കൽ
7. ക്ലബ്ബ് പ്രവർത്തനങ്ങളെ മേളകൾ, കലോത്സവങ്ങൾ എന്നിവയുമായി ബന്ധിപ്പിക്കൽ
8. സ്കൂൾ തലത്തിൽ ശില്പ്പശാലകൾ സംഘടിപ്പിക്കൽ.

## കലാ കായിക വിദ്യാഭ്യാസം, പ്രവൃത്തി പരിചയം

**ലക്ഷ്യങ്ങൾ**

1. എല്ലാ കുട്ടികളിലേക്കും കലാവാസനകളെ പരിപോഷിപ്പിക്കുക.
2. കായികക്ഷമതയുള്ള തലമുറയെ വളർത്തിയെടുക്കുക.
3. പ്രവൃത്തി പരിചയ നൈപുണികളിൽ എല്ലാവർക്കും പരിശീലനം നൽകുക.
4. പ്രാദേശിക വൈദഗ്ധ്യം വിദ്യാലയത്തിനായി പ്രയോജനപ്പെടുത്തുക.

**പ്രവർത്തനങ്ങൾ**

1. നൃത്ത പരിശീലനം (എല്ലാ കുട്ടികൾക്കും)
2. ചിത്രരചനാ പരിശീലനം
3. വിവിധതരം പെയിന്റിംഗുകളിലുള്ള പരിശീലനം.
4. നാടൻ കലാരൂപങ്ങളുടെ പരിശീലനം - കോൽക്കളി.
5. നാടൻ കളികളിൽ പരിശീലനം.
6. കായിക മത്സരങ്ങളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം.
7. സ്കൂളിലെ മുഴുവൻ കുട്ടികൾക്കും നീന്തൽ, എയ്റോബിക്സ്, കരാട്ടെ, യോഗ പരിശീലനം.
8. കുടുതൽ കളി ഉപകരണങ്ങൾ.
9. ചുറ്റുപാടും ലഭിക്കുന്ന ഭക്ഷ്യവിഭവങ്ങൾ ഉപയോഗിച്ച് കുറഞ്ഞ ചെലവിൽ ലഘുഭക്ഷണ പദാർത്ഥങ്ങൾ തയ്യാറാക്കുക- സ്ക്വാഷ്, ജാം, സലാഡ്, അച്ചാർ.
10. ഔഷധത്തോട്ട നിർമ്മാണവും പരിപാലനവും.
11. ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ലെയറിംഗ്.
12. വസ്ത്രങ്ങളിൽ ഫാബ്രിക് പെയിന്റിംഗ്.
13. അലങ്കാര വസ്തുക്കളുടെ നിർമ്മാണം.

14. പാഴ് വസ്തുക്കൾ ഉപയോഗിച്ച് കളിപ്പാട്ട നിർമ്മാണം.
15. നോട്ട് ബുക്ക്, പേപ്പർ ബാഗ്, ട്രേ നിർമ്മാണം.
16. കൂക്കാനം കായികഗ്രാമം പദ്ധതി.

# ബാലസഭ / സാഹിത്യസമാജം

**ലക്ഷ്യങ്ങൾ**

1. കുട്ടികളുടെ കലാസാഹിത്യ വാസനകൾ കണ്ടെത്തുന്നതിനും വികസിപ്പിക്കുന്നതിനും.
2. സാഹിത്യകാരൻമാരെയും കൃതികളെയും അറിയുന്നതിന് വേദിയൊരുക്കുക.
3. കുട്ടികളിലെ വായനയും ലേഖനവും പരിപോഷിപ്പിക്കുക.

**പ്രവർത്തനങ്ങൾ**

1. ആഴ്ചയിൽ ഒരു തവണ എല്ലാ ക്ലാസ്സിലും ബാലസഭ.
2. മാസത്തിൽ ഒരു തവണ എല്ലാ ക്ലാസ്സുകളും ഉൾപ്പെടുന്ന പൊതുസമാജം.
3. ക്ലാസ് സമാജത്തിലെ തെരഞ്ഞെടുക്കപ്പെട്ട ഇനങ്ങൾ പൊതുസമാജത്തിൽ അവതരിപ്പിക്കൽ.
4. വായിച്ച പുസ്തകങ്ങളെ ആധാരമാക്കി നാടകം, കാവ്യകേളി, സംഗീത ശിൽപം, കഥാപ്രസംഗം എന്നിവ അവതരിപ്പിക്കുക.
5. പുസ്തകാസ്വാദന കുറിപ്പുകൾ.
6. എഴുത്തുകാരായ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള രചനാ ശില്പശാലകൾ.
7. പൊതുജന പങ്കാളിത്തത്തോടെ കലാസന്ധ്യ നടത്തുക.

# സ്കൂൾ പാർലമെന്റ്

**ലക്ഷ്യങ്ങൾ**

1. കുട്ടികളിൽ ജനാധിപത്യ ബോധം ഉണ്ടാക്കുക.
2. നേതൃശേഷി വികസനത്തിനുള്ള അവസരമുണ്ടാക്കുക.
3. വിദ്യാലയ വികസന പ്രവർത്തനങ്ങളിൽ കുട്ടികളുടെ അഭിപ്രായങ്ങൾക്കും ആശയങ്ങൾക്കും ഇടം നൽകുക.

**<u>പ്രവർത്തനങ്ങൾ</u>**

1. സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ്.
2. അസംബ്ലി, ശുചിത്വം, പൂന്തോട്ട നിർമ്മാണം, പരിപാലനം എന്നിവയിൽ പാർലമെന്റിനുള്ള പ്രവർത്തന പദ്ധതി തയ്യാറാക്കൽ.
3. സ്കൂൾ ലീഡർക്ക് എസ് എം സി യിൽ പങ്കാളിത്തം.
4. ദിനാചരണ പരിപാടികൾ തീരുമാനിക്കുന്നതിൽ പാർലമെന്റിന്റെ പങ്കാളിത്തം.
5. ബാലസഭ, സാഹിത്യസമാജം, കായികമേള, പഠനയാത്ര എന്നിവയുടെ സമയം, ഇനങ്ങൾ, പങ്കാളിത്തം എന്നിവ പാർലമെന്റിന്റെ സഹായത്തോടെ നിശ്ചയിക്കൽ.
6. മോക്ക് പാർലമെന്റ്.
7. വിദ്യാർത്ഥി പ്രതിനിധികൾക്ക് നേതൃത്വ പരിശീലനം.

# സോഷ്യൽ സർവ്വീസ് സ്ക്രീം.

**<u>ലക്ഷ്യങ്ങൾ</u>**

കുട്ടികളിൽ സാമൂഹ്യ സേവന മനോഭാവവും സാമൂഹ്യപ്രതിബദ്ധതയും വളർത്തുക.

**<u>പ്രവർത്തനങ്ങൾ.</u>**

സഹവാസക്യാമ്പുകൾ, ബോധവല്ക്കരണ ക്ലാസുകൾ, ശിൽപശാലകൽ, ഷോർട്ട് ഫിലിം നിർമ്മാണം

# പൊതുവിജ്ഞാനം

**<u>ലക്ഷ്യങ്ങൾ</u>**

പൊതുവിജ്ഞാനം വർദ്ധിപ്പിച്ച് മത്സരപരീക്ഷകളിൽ വിജയികളാകുക.

**<u>പ്രവർത്തനങ്ങൾ.</u>**

- ദിനാചരണവുമായി ബന്ധപ്പെട്ട ക്വിസുകൾ
- പത്രക്വിസ് (പ്രതിമാസം)
- പഞ്ചമാസ പ്രശ്നോത്തര (മെഗാക്വിസ്)

# പ്രതിമാസ പ്രവർത്തന കലണ്ടർ 2025-26

### 2025 ഏപ്രിൽ

| പ്രവർത്തനം | സാമ്പത്തികം, ചുമതല |
|---|---|
| 1. ഗൃഹസന്ദർശന പരിപാടി അധ്യാപകർ, SMC, MPTA നേതൃത്വത്തിൽ | അധ്യാപകർ, SMC,MPTA |
| 2. സ്കൂൾ പ്രവേശന കാമ്പയിൻ. | 10000 |
| 3. കൂക്കാനം കായിക ഗ്രാമം പദ്ധതി | കായിക ഗ്രാമം കമ്മിറ്റി |
| 4. SMC, MPTA വികസന സമിതി സംയുക്തയോഗം - അടുത്ത വർഷം നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിന്. | SRG |

### 2025 മെയ്

| പ്രവർത്തനം | റിമാർക്സ് |
|---|---|
| 1. വിദ്യാലയ സൗന്ദര്യ വത്ക്കരണം- അറ്റകുറ്റപ്പണികൾ | SMC 5,000 |
| 2. പ്രവേശനോത്സവം- ആലോചനായോഗം | |
| 3. SRG യോഗം - ചുമതലാ വിഭജനം. | HM |
| 4. ജൂൺമാസത്തെ അക്കാദമിക് പ്രവർ ത്തനങ്ങളുടെ പ്ലാനിംഗ് | SMC |
| 5. കുട്ടികളുടെ പ്രവേശനം | SMC Staff<br>ക്ലബ്ബുകൾ |
| 6. പഠനോപകരണ സമാഹരണം. | 20,000/- |

**2025 ജൂൺ**

| പ്രവർത്തനം | റിമാർക്സ് |
|---|---|
| 1. 2024-25 വർഷത്തെ ദിനാചരണങ്ങളുടെ ചാർട്ട് തയ്യാറാക്കൽ<br><br>2. ദിനാചരണങ്ങൾ ചേർത്തുകൊണ്ട് സ്കൂളിന്റെ വാർഷിക കലണ്ടർ, പ്രതിമാസ കലണ്ടർ എന്നിവ തയ്യാറാക്കൽ<br><br>3.പ്രവേശനോത്സവം- സ്വീകരണ ഘോഷയാത്ര, സമ്മാനപ്പൊതി (പഠനോപകരണങ്ങൾ), രക്ഷിതാക്കളുടെയും നാട്ടുകാരുടെയും സാന്നിദ്ധ്യം. | SRG |
| 4.പരിസ്ഥിതി ദിനാചരണവും തുടർപ്രവർത്തനങ്ങളും. | പരിസ്ഥിതി ക്ലബ്ബ് |
| 5. പൂന്തോട്ട നിർമ്മാണം (ക്ലാസ്സ് അടിസ്ഥാനത്തിൽ)<br><br>6. വൃക്ഷത്തൈ വിതരണം. | |
| 7. വായനാ വാരാചരണം- വായനാ ക്വിസ്സ്, പുസ്തക പരിചയം, വായനാക്കുറിപ്പ് മത്സരം,എഴുത്തുകാരനുമായി അഭിമുഖം.<br><br>8. ചങ്ങമ്പുഴ ചരമദിനത്തിന്- കാവ്യകേളി, കവി പരിചയം. | വിദ്യാരംഗം |
| **<u>മലയാളം</u>**<br><br>1. വായനയിലും എഴുത്തിലും കുട്ടികളുടെ അവസ്ഥ വിലയിരുത്തുന്നതിനുള്ള പ്രീടെസ്റ്റ്.<br><br>2. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്ന തിനുള്ള പരിഹാര പ്രവർത്തനങ്ങൾ- അക്ഷര കാർഡുകൾ, കഥാചാർട്ടുകൾ, കഥാപുരാണം, സിഡി ഉപയോഗിച്ച് വിവരണം എഴുതൽ.<br><br>3. രക്ഷിതാക്കളുടെ സഹായത്തോടെ ഗണിത ശില്പ ശാല - 1,2 ക്ലാസ്സുകൾക്ക് വേണ്ടി. | SRG |
| 4. ക്ലാസ് ലൈബ്രറി ഒരുക്കൽ | 2000 രൂപ |
| 5. അസംബ്ലിയിൽ പത്രവായന- ദിവസേന.<br><br>6. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനോദ്ഘാടനം. | |
| 7. പത്ര നിർമ്മാണം - കൂക്കാനം ടൈംസ്<br>8. പുസ്തകപ്പെട്ടി<br>9. മറത്തുകളി, പൂരക്കളി, 5,6,7 ക്ലാസ്സുകളിലെ കവിതകൾ | 5000 (സ്പോൺസർ) |

| | |
|---|---|
| **<u>ഇംഗ്ലീഷ്</u>**<br><br>1. ഇംഗ്ലീഷ് സ്റ്റോറി കാർഡുകൾ തയ്യാറാക്കുക ( എൽ പി ക്ലാസ്സുകൾക്ക്).<br><br>2. ഇംഗ്ലീഷ് ഡയറി എഴുത്ത്- ആഴ്ചയിൽ ഒരു തവണ.<br><br>3.ഇംഗ്ലീഷ് ക്വിസ്- (മാസാവസാനം)- ചോദ്യങ്ങൾ മുൻകൂട്ടി പ്രദർശിപ്പിക്കുന്നു.<br><br>4. Let's talk എല്ലാ ദിവസവും 10 മിനുട്ട് സമയം വീട്ടുവിശേഷങ്ങൾ, സ്കൂൾ വിശേഷങ്ങൾ, ഉത്സവങ്ങൾ എന്നിവ അധ്യാപകനും കുട്ടികളും പങ്കുവയ്ക്കുന്നു.<br><br>5. സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സ് തുടങ്ങുന്നു.<br><br>**<u>ഹിന്ദി</u>**<br><br>1. പ്രീടെസ്റ്റ് നടത്തി കുട്ടികളുടെ ഭാഷാപരമായ ന്യൂനതകൾ കണ്ടെത്തുന്നു.<br><br>2. പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം. (ഒരു മാസം)<br><br>3. ഹിന്ദി സ്റ്റോറി കാർഡുകൾ തയ്യാറാക്കൽ.<br><br>4. ഹിന്ദി ക്ലബ്ബ് രൂപീകരണം.<br><br>**<u>ഗണിതം</u>**<br><br>1. ഗണിതത്ത പിന്നോക്കാവസ്ഥ ിലെ കണ്ടെത്തൽ- പ്രീടെസ്റ്റ്<br><br>2. സംഖ്യാബോധം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ - എൽ പി ക്ലാസ്സുകൾ.<br><br>3. ഗണിത ക്വിസ് - മാസാവസാനം.<br><br>4. ഗണിത ക്ലബ്ബ് രൂപീകരണം.<br>5. ജാമിതീയ രൂപങ്ങൾ നിത്യജിവിതത്തിൽ -പ്രൊജക്ട്<br><br>**<u>ശാസ്ത്രം</u>**<br><br>1. ഓരോ ക്ലാസിലും പാഠ്യപദ്ധതിയനുസരിച്ച് നടത്താവുന്ന പരീക്ഷണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നു.<br><br>2. ശാസ്ത്ര ക്ലബ്ബ് രൂപീകരണം.<br><br>3. ശാസ്ത്ര ലാബിലേക്ക് ആവശ്യമായ സാമഗ്രികളുടെ ലിസ്റ്റ് തയ്യാറാക്കാക്കുന്നു.<br><br>4. സയൻസ് ക്വിസ് -മാസാവസാനം.<br><br>5. ജലസംരക്ഷണ പ്രവർത്തനങ്ങൾ - മഴക്കുഴി, | |

| | |
|---|---|
| മഴവെള്ള സംഭരണം, കിണർ റീച്ചാർജിംഗ്.<br>6. ബഡ്ഡിംഗ് ഗ്രാഫ്റ്റിംഗ് പ്രവർത്തനം<br><br>**<u>സാമൂഹ്യശാസ്ത്രം</u>**<br><br>1. സാമൂഹ്യശാസ്ത്രലാബ് സജ്ജീകരിക്കൽ<br><br>2. ആവശ്യമായ പഠനോപകരണങ്ങളുടെ<br><br>ലിസ്റ്റ് തയ്യാറാക്കുന്നു.<br><br>3. സാമൂഹ്യശാസ്ത്ര ക്ലബ്ബ് രൂപീകരണം.<br><br>4. പത്രക്വിസ്- മാസാവസാനം.<br><br>**<u>കംപ്യൂട്ടർ അധിഷ്ഠിത വിദ്യാഭ്യാസം</u>**<br><br>1. പഠന വിഷയവുമായി ബന്ധപ്പെട്ട കംപ്യൂട്ടർ സാധ്യതകൾ ഓരോ അധ്യാപകനും മുൻകൂട്ടി ലിസ്റ്റ് ചെയ്യുന്നു.<br>2. ഐ ടി ഉപകരണങ്ങൾ കേടുപാടുകൾ തീർത്ത് പ്രവർത്തന സജ്ജമാക്കുന്നു.<br><br>**<u>പൊതുവിജ്ഞാനം-</u>**<br><br>1. പഞ്ചമാസപ്രശ്നോത്തരി ആരംഭം - 1<br><br>**<u>കലാ കായിക വിദ്യാഭ്യാസം, ശുചിത്വം, ആരോഗ്യ സംരക്ഷണം</u>**<br><br>1. ആവശ്യമായ കളിയുപകരണങ്ങൾ<br>ശേഖരിക്കുന്നു.<br>2. കരാട്ടെ പരിശീലനം തുടങ്ങുന്നു.<br>3. പച്ചക്കറിക്കൃഷി ആരംഭിക്കുന്നു.<br>4. കുട്ടികൾക്ക് പച്ചക്കറി വിത്ത് വിതരണം.<br>5.ഉച്ചഭക്ഷണം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം- പ്രാദേശികമായി വിഷര ഹിത പച്ചക്കറി ശേഖരിക്കുവാൻ ശ്രമിക്കുന്നു.<br>6. കുട്ടികൾക്ക് ശുചീകരണത്തിന് ചുമതലാ വിഭജനം.<br>7. കായികഗ്രാമം പദ്ധതി, ഫുട്ബോൾ ടൂർണമെന്റ്<br>8. ക്രിയേറ്റീവ് കോർണർ പ്രവർത്തനങ്ങൾ | ടീച്ചർ, ഇൻചാർജ്ജ് |

| | |
|---|---|
| **<u>ക്ലബ്ബ് പ്രവർത്തനം, സാഹിത്യ സമാജം, പാർലമെന്റ്</u>**<br>1.വിവിധ ക്ലബ്ബുകളുടെ രൂപീകരണം<br>2. എല്ലാ ക്ലബ്ബുകളുടെയും ഉദ്ഘാടനം.<br>3. ക്ലബ്ബുകൾ ഒരു വർഷത്തേക്കുള്ള പ്രവർത്തന കലണ്ടർ തയ്യാറാക്കുന്നു.<br>4. സാഹിത്യ സമാജം ചുമതലക്കാരെ നിശിച യിക്കൽ.<br>5. സാഹിത്യസമാജം പ്രഥമയോഗം<br>6.വിദ്യാരംഗം, സാഹിത്യസമാജം, സംയുക്ത യോഗം.<br>7. ക്ലാസ്സ് ലീഡർമാരുടെ തെരഞ്ഞെടുപ്പ്.<br>8. ക്ലാസ് ലീഡർമാരുടെ യോഗം - ശുചിത്വം, പൊതു അച്ചടക്കം എന്നിവയെക്കുറിച്ചുള്ള ബോധവത്കരണം, ചുമതലാ വിഭജനം. | |

**<u>ജൂലൈ 2025</u>**

| പ്രവർത്തനം | റിമാർക്സ് |
|---|---|
| **<u>ദിനാചരണങ്ങൾ</u>**<br>1. ജുലൈ മാസത്തെ ദിനാചരണങ്ങൾ ആസൂത്രണം ചെയ്യുന്നു.<br>2. ചാന്ദ്രദിനം, ക്വിസ്, സി.ഡി പ്രദർശനം, ചാന്ദ്രമനുഷ്യൻ പതിപ്പു നിർമ്മാണം- ക്ലാസ് തലം<br>ബഷീർദിനം- പുസ്തക പ്രദർശനം, ബഷീർ കഥാപാത്രങ്ങൾ, പുസ്തക പരിചയം<br><br>അമ്മവായന | SRG<br><br>വിദ്യാരംഗം |

| | |
|---|---|
| **<u>മലയാളം</u>**<br><br>1.ക്ലാസ് ലൈബ്രറികളിൽ പുസ്തകങ്ങളോടൊപ്പം പത്രവും ബാലമാസികകളും ലഭ്യമാക്കുക<br>2. ക്ലാസ് ലൈബ്രറിയിൽ നിന്ന് വായിക്കുന്ന പുസ്തകങ്ങളുടെ എണ്ണവും പേരും കാണിക്കുന്ന ചാർട്ട്.<br>3. അസംബ്ലിയിൽ പത്രവായന<br>4. പത്രക്വിസ്<br>5. കുട്ടികളെ സമീപ ഗ്രന്ഥാലയത്തിൽ അംഗങ്ങളാക്കുന്നു.<br>6. ദിനാചരണങ്ങളുടെ ഭാഗമായി ചുമർപത്രം തയ്യാറാക്കുന്നു.<br>7. പത്രനിർമ്മാണം - കൂക്കാനംടൈസ്<br>8. ഷോർട്ട്ഫിലിം നിർമ്മാണം, ആശയശേഖരണ യാത്ര<br><br>**<u>ഇംഗ്ലീഷ്</u>**<br>1. ഇംഗ്ലീഷ് ക്വിസ്<br>2. സ്പെഷ്യൽ ഇംഗ്ലീഷ് ക്ലാസ് ആരംഭിക്കുന്നു.<br>3. ഇംഗ്ലീഷ് ഡിസ്പ്ലേ ബോർഡ് ഒരുക്കുന്നു.<br>4. ഇംഗ്ലീഷ് ഡയറി എഴുത്ത്- ആഴ്ചയിൽ ഒരു ദിവസം<br>5. ക്വിസ് ചോദ്യങ്ങൾ ചാർട്ട് പേപ്പറിൽ എഴുതി പ്രദർശിപ്പിക്കുന്നു.<br><br>**<u>ഹിന്ദി</u>**<br><br>1. ഹിന്ദി കവിതകളുടെ ഓഡിയോ<br><br>2. സ്വാതന്ത്ര്യദിനത്തിനായി ഹിന്ദി പ്രസംഗങ്ങളുടെ തയ്യാറെടുപ്പ്.<br>3. ആകാശവാണിയിൽ ഹിന്ദി വാർത്താ വായന.<br>4. ഹിന്ദി സ്റ്റോറി കാർഡ് തയ്യാറാക്കൽ. | SMC<br>3000/<br><br>വിദ്യാരംഗം<br><br>5,000.<br>(Sponsor)<br><br>ഇംഗ്ലീഷ് ക്ലബ്ബ്<br><br>SRG |

| | |
|---|---|
| **<u>ഗണിതം</u>**<br><br>1. ഗണിതലാബ് നവീകരണം- ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുക.<br><br>2. ഓണസ്റ്റി ഷോപ്പ് ഉദ്ഘാടനം<br><br>3. ഗണിതക്ലബ്ബിന്റെ നേതൃത്വത്തിൽ പസിൽസ്, കുസൃതിക്കണക്ക് മത്സരങ്ങൾ ഗണിതക്ലബ്ബ്<br><br>4. ഗണിതശാസ്ത്രമേളയ്ക്കുള്ള തയ്യാറെടുപ്പ്. | 1000/ |
| **<u>ശാസ്ത്രം</u>**<br><br>1. ഫീൽഡ് ട്രിപ്പ്- കാർഷികഗവേഷണ കേന്ദ്രം , പ്രാദേശികമായ സ്വകാര്യ തോട്ടങ്ങൾ<br><br>2. ബഡ്ഡിംഗ്,ഗ്രാഫ്റ്റിംഗ് എന്നിവയിൽ പരിശീലനം.<br><br>3. ബഹിരാകാശക്വിസ്<br><br>4. പ്രകൃതി സൗഹൃദ കൃഷിരീതികളെക്കുറിച്ച്- പ്രാദേശിക വിദഗ്ധരുടെ ക്ലാസ്<br><br>5. ശാസ്ത്രമേള<br>6. വനയാത്ര, കടൽയാത്ര | ശാസ്ത്ര ക്ലബ്ബ്<br><br>SRG |
| **<u>സാമൂഹ്യശാസ്ത്രം</u>**<br><br>1. സാമൂഹ്യശാസ്ത്ര ക്വിസ്<br>2. സാമൂഹ്യശാസ്ത്രമേളയ്ക്ക് വേണ്ടിയുള്ള തയ്യാറെടുപ്പ്.<br>3. ഫീൽഡ് ട്രിപ്പ്<br>കാർഷിക ഗവേഷണ കേന്ദ്രം<br>4. സാമൂഹ്യ ശാസ്ത്രമേള<br>5. ചരിത്രയിടങ്ങൾ തേടി | SMC<br><br>15,000 |
| **<u>കലാകായികം,ശുചിത്വം,ആരോഗ്യ സംരക്ഷണം, പോഷകാഹാരം</u>**<br><br>1. നീന്തൽ പരിശീലനം ആരംഭിക്കുന്നു.<br>(ഒരു മാസം) | |

| | |
|---|---|
| 2. സമ്പൂർണ്ണ നീന്തൽ വിദ്യാലയം പദ്ധതി.<br>3. ഇലക്കറി ഭക്ഷ്യമേള.<br>5. ക്ലാസ് തലത്തിൽ എയ്റോബിക്സ് ക്ലാസ്<br><br>**<u>ക്ലബ്ബ് പ്രവർത്തനം, സാഹിത്യസമാജം, പാർലമെന്റ്</u>**<br>1.ക്ലബ്ബുകളുടെ നേതൃത്വത്തിൽ ഈ വർഷത്തെ വിവിധമേളകളിലെ പങ്കാളിത്തത്തെക്കുറിച്ച് ചർച്ച.<br>2. ക്ലാസ് തല പ്രദർശനത്തിന്റെ തയ്യാറെടുപ്പ്.<br>3.സാഹിത്യസമാജത്തിന്റെ നേതൃത്വത്തിൽ ബഷീർദിന പരിപാടികൾ.<br>4. ബഷീർ കൃതികളെ വിലയിരുത്തുന്ന കൈയെഴുത്ത് മാസിക തയ്യാറാക്കൽ - ക്ലാസ്സ് തലത്തിൽ.<br>5. സ്കൂൾ ലീഡർ, ഡെപ്യൂട്ടി ലീഡർ തെരഞ്ഞെടുപ്പ്.<br>6. തെരഞ്ഞെടുപ്പിന്റെ മിക്ക ചുമതലകളും വിദ്യാർത്ഥികൾക്ക്<br>**<u>പൊതുവിജ്ഞാനം-2-</u>**<br>പഞ്ചമാസ പ്രശ്നോത്തരി<br>മെഗാക്വിസ് | |

**<u>ആഗസ്ത് 2025</u>**

| **പ്രവർത്തനം** | **റിമാർക്സ്** |
|---|---|
| **<u>ദിനാചരണങ്ങൾ</u>**<br>1. ആഗസ്റ്റ് മാസത്തെ പ്രധാന ദിനാചരണങ്ങൾ മുൻകൂട്ടി പ്ലാൻ ചെയ്യുന്നു.<br>2. ഹിരോഷിമ ദിനം, സ്വാതന്ത്ര്യദിനം, കർഷകദിനം എന്നിവ സംബന്ധിച്ച പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. | SRG<br><br>സാമൂഹ്യശാസ്ത്ര ക്ലബ്ബ് |

| | |
|---|---|
| 3. സൈക്കിൾ റാലി, സമാധാന പ്രതിജ്ഞ, പോസ്റ്റർ രചനാ മത്സരം, സ്വാതന്ത്ര്യദിനക്വിസ്, റാലി, കർഷകരെ ആദരിക്കൽ, വയൽ സന്ദർശനം. | |
| 4. ആഗസ്ത് അവസാനം ഓണാഘോഷം, ഓണപ്പൂക്കളം, ഓണസദ്യ, കലാകായിക മത്സരങ്ങൾ. | SMC, MPTA<br>10000/ |
| **<u>മലയാളം</u>**<br>1. വായനാക്കുറിപ്പ് മത്സരം.<br>2. മികച്ച വായനക്കാരെ അനുമോദിക്കൽ<br>3. പുസ്തക ചർച്ച (6,7 ക്ലാസ്സുകൾ) | വിദ്യാരംഗം |
| 4. സ്വാതന്ത്ര്യദിനം, ഹിരോഷിമാദിനം എന്നിവ യുടെ ഭാഗമായി ക്ലാസ് തലത്തിൽ കൈയെഴുത്ത് മാസിക.<br>5. ചുമർപത്ര നിർമ്മാണം (ദിനാചരണം)<br>6. ബാലസഭാ യോഗം. | സാമൂഹ്യശാസ്ത്രക്ലബ്ബ് |
| **<u>ഇംഗ്ലീഷ്</u>**<br>1. ഇംഗ്ലീഷ് അസംബ്ലി- ആഴ്ചയിൽ ഒരു ദിവസം ചൊവ്വ - മുൻകൂട്ടി തയ്യാറെടുക്കുന്നു.<br>2. ഇംഗ്ലീഷ് ക്വിസ്.<br>3. സ്കിറ്റ്- ബാലസഭയിൽ. | SRG |
| 4. പബ്ലിക് സ്പീക്കിംഗ്- അസംബ്ലിയിൽ ദിനാചരണങ്ങളുടെ ഭാഗമായി പ്രസംഗം.<br>5. സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സ്. | SMC,SRG |
| **<u>ഹിന്ദി</u>**<br>1. പിന്നോക്കക്കാർക്ക് വേണ്ടിയുള്ള പ്രത്യേക ക്ലാസ്.<br>2. അസംബ്ലിയിൽ ഹിന്ദി പ്രസംഗം.<br>3. ഹിന്ദി ചുമർ പത്രം - ദിനാചരണം. | |

| | |
|---|---|
| **<u>ഗണിതം</u>** | |
| 1. ഗണിത ക്ലിനിക്ക് പ്രവർത്തനോദ്ഘാടനം. | |
| 2. ഗണിത ക്വിസ്. | |
| 3. മുന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക വർക്ക്ഷീറ്റുകൾ നൽകുന്നു. | |
| 4. ഗണിത ശാസ്ത്രമേളയിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം. | |
| **<u>ശാസ്ത്രം, സാമൂഹ്യശാസ്ത്രം</u>** | |
| 1. മേളകളിൽ പങ്കെടുക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ്. | |
| 2. സ്വാതന്ത്ര്യദിന ക്വിസ് | |
| 3. ഫീൽഡ് ട്രിപ്പ് - സ്വാതന്ത്ര്യസമര സ്മാരകങ്ങൾ. | പരിസ്ഥിതിക്ലബ്ബ് |
| 4.കർഷകദിനത്തിന് പച്ചക്കറി - കൃഷി ആരംഭം. | 2000 |
| 5. സ്കൂൾ തല പ്രദർശനം - ഫോട്ടോ- സ്വാതന്ത്ര്യദിനം, ഹിരോഷിമദിനം. | |
| 6. പത്ര ക്വിസ്. | |
| 7. രുചിക്കൂട്ടിന്റെ ശാസ്ത്രം, (പ്രൊജക്ട്) | |
| **<u>കലാകായികം, ശുചിത്വം, ആരോഗ്യ സംരക്ഷണം, ക്ലബ്ബ് പ്രവർത്തനം</u>** | SMC, SRG, MPTA |
| 1. നീന്തൽ പരിശീലനം സമാപനം. | |
| 2. ഓണത്തോടനുബന്ധിച്ച് നാടൻ കളിമത്സരം. | |
| 3. കുട്ടികളുടെ ദന്ത പരിശോധന ക്യാമ്പ്. | |
| 5.ക്ലബ്ബുകളുടെ നേതൃത്വത്തിൽ മേളകൾ ക്കായുള്ള സജീവ പരിശീലനം. | ക്ലബ്ബുകൾ |
| 6. വിദ്യാരംഗം ഉപജില്ലാ സർഗോത്സവത്തിൽ പങ്കാളിത്തം. | വിദ്യാരംഗം |
| 7. കാർഷിക ക്ലബ്ബിന്റെ നേതൃത്വത്തിൽ കർഷകനെ ആദരിക്കൽ, അഭിമുഖം. | |
| പൊതുവിജ്ഞാനം -3- | |
| പഞ്ചമാസ പ്രശ്നോത്തരി (മെഗാക്വിസ്) | |

**സപ്തംബർ 2025**

| പ്രവർത്തനം | റിമാർക്സ് |
|---|---|
| **ദിനാചരണങ്ങൾ**<br>1. അധ്യാപകദിനം, ശ്രീനാരായണ ഗുരു ജയന്തി തുടങ്ങിയ ദിനങ്ങളുടെ പരിപാടികൾ ആസൂത്രണം ചെയ്യുക.<br>അധ്യാപകരെ ആദരിക്കൽ, കുട്ടികളുടെ നേതൃത്വത്തിലുള്ള ക്ലാസ്, ശ്രീനാരായണ ഗുരുവിന്റെ സന്ദേശങ്ങൾ എഴുതി പ്രദർശിപ്പിക്കൽ.<br>3. സ്പെഷ്യൽ അസംബ്ലിയിൽ കുട്ടികളുടെ പ്രസംഗം. | SRG |
| **മലയാളം**<br>1. വായനാനുഭവം പങ്കുവെക്കൽ( യു.പി ക്ലാസ്സുകൾക്ക്)<br>2. അസംബ്ലിയിൽ പത്ര വായന.<br>3. കൂക്കാനം ടൈംസ് പത്രം<br>4. മഹാൻമാരുടെ ജീവചരിത്രക്കുറിപ്പുകൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.<br>5.പ്രാദേശിക, സ്കൂൾ വാർത്തകൾ ഉൾപ്പെടുത്തി പത്രം.<br>പുസ്തക പ്രസിദ്ധീകരണം | 5000 |
| **ഇംഗ്ലീഷ്, ഹിന്ദി**<br>1. ഇംഗ്ലീഷ് ക്വിസ്, ഇംഗ്ലീഷ് അസംബ്ലി.<br>2. ഇംഗ്ലീഷ് സിനിമാ, ഡോക്യുമെന്ററി പ്രദർശനം.<br>3. Let's talk എല്ലാ ദിവസവും 10 മിനുട്ട് സമയം<br>4. പബ്ലിക് സ്പീക്കിങ്ങ് - ദിനാചരണങ്ങളുടെ ഭാഗമായി .<br>6. ആകാശവാണിയിൽ ഹിന്ദി വാർത്ത. | ഇംഗ്ലീഷ് ക്ലബ്ബ് |

| | |
|---|---|
| **<u>ഗണിതം</u>**<br>1. ഗണിതക്വിസ്<br>2. ഗണിത മാഗസിന്റെ പ്രവർത്തന ആരംഭം<br>3. ഗണിത ക്ലിനിക്<br>4. ഗണിത ശാസ്ത്ര മേള -സ്കൂൾ തല പ്രദർശനം.<br>**<u>ശാസ്ത്രം, സാമൂഹ്യശാസ്ത്രം</u>**<br>1.ശാസ്ത്ര, സാമൂഹ്യശാസ്ത്രമേള- സ്കൂൾതല മത്സരം, പ്രദർശനം.<br>2. പത്രക്വിസ് ഗണിത ക്വിസ്, ശാസ്ത്ര ക്വിസ്,<br>3. ഫീൽഡ് ട്രിപ്പ്- ജനകീയ പ്ലാനറ്റേറിയം, ഏച്ചിലാംവയൽ.<br>4. ശാസ്ത്രജ്ഞരുടെ പോർട്രെയ്റ്റുകൾ ശേഖരിക്കുന്നു.<br>5. തൊഴിൽ സർവ്വേ- വിവിധ മേഖലകളിലെ തൊഴിൽ ലഭ്യതയെക്കുറിച്ച്.<br>6. സാമൂഹ്യ പരിഷ്കർത്താക്കളുടെ ആൽബം നിർമ്മാണം.<br>**<u>കലാകായികം, പ്രവൃത്തി പരിചയം, ക്ലബ്ബ്, ശുചിത്വം</u>**<br>1. പ്രവൃത്തി പരിചയമേളയിലേക്കുള്ള സെലക്ഷൻ.<br>2. കുട്ടികളുടെ ഉൽപ്പന്നങ്ങളുടെ പ്രദർശനം<br>3. കുട്ടികൾക്ക് യോഗാപരിശീലനം(ഒരു മാസം)<br>4. കായികമേളയിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് രാവിലെയും വൈകുന്നേരവും പ്രത്യേക പരിശീലനം.<br>**<u>പൊതുവിജ്ഞാനം. -4-</u>**<br>പഞ്ചമാസ പ്രശ്നോത്തരി (മെഗാക്വിസ്) | ഗണിതക്ലബ്ബ്<br><br>SMC<br>5000/-<br>കായികാധ്യാപകൻ<br>2000 രൂപ |

**ഒക്ടോബർ 2025**

| പ്രവർത്തനം | റിമാർക്സ് |
|---|---|
| ദിനാചരണങ്ങൾ<br>1. ഗാന്ധിജയന്തി, ഐക്യരാഷ്ട്ര ദിനം, വയലാർ ചരമദിനം തുടങ്ങിയ ദിനങ്ങളിൽ പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുന്നു.<br>2. ശുചീകരണം, ശുചിത്വ സന്ദേശം, വയലാർ കവിതാലാപനം, ഗാനാലാപനം.<br>3. പ്രത്യേക അസംബ്ലികൾ | SRG |
| **മലയാളം, ഇംഗ്ലീഷ്, ഹിന്ദി** | |
| 1.സമീപത്തെ വായനശാലയുടെ നേതൃത്വത്തിൽ കുട്ടികളുടെ വായനാക്കുറിപ്പ് മത്സരം | SRG |
| 2. സ്കൂൾ ആകാശവാണിയിലൂടെ പുസ്തക പരിചയം.<br>3. എഴുത്തുകാരുടെ പോർട്രെയ്റ്റ് ഗാലറി- തുടക്കം. | |
| 4. ഇംഗ്ലീഷ് ക്വിസ്, ഇംഗ്ലീഷ് അസംബ്ലി | SRG |
| 5. സ്പെഷ്യൽ ഇംഗ്ലീഷ് ക്ലാസ്സുകൾ തുടങ്ങുന്നു. | 5000/- |
| 6. സുഗമ ഹിന്ദി പരീക്ഷ കുക്കാനം ടൈംസ്.<br>കൂക്കാനം ടൈംസ് | ഹിന്ദി അധ്യാപിക<br>5,000/ |
| **ഗണിതം,ശാസ്ത്രം, സാമൂഹ്യശാസ്ത്രം** | |
| 1. ഗണിത, ശാസ്ത്ര, സാമൂഹ്യശാസ്ത്ര ക്വിസുകൾ | ഗണിത ക്ലബ്ബ് |
| 2. ഓണസ്റ്റി ഷോപ്പ് സജീവമാക്കൽ | 3000 രൂപ |
| 3. ഗണിതം മധുരം ക്യാമ്പ്.<br>4. പ്രകൃതി സൗഹൃദ കൃഷി- രീതികളെക്കുറിച്ച് ക്ലാസ്. | |
| 5. ഭൂമിശാസ്ത്ര പഠനത്തിന് കംപ്യൂട്ടർ ലാബിൽ വേണ്ട സൗകര്യങ്ങൾ ഒരുക്കുന്നു. | SRG, SITC |
| 6. തൊഴിൽശാല സന്ദർശനം (എൽ പി)(ഖാദി) | |

| | |
|---|---|
| എൽ.എസ്.എസ്., യു.എസ്.എസ്. പരിശീലനം<br>**<u>ക്ലബ്ബ് പ്രവർത്തനം, കലാകായികം, ഐ ടി</u>**<br>1. ക്ലബ്ബുകളുടെ നേതൃത്വത്തിൽ മേളകൾക്കുള്ള തയ്യാറെടുപ്പ്.<br>2. ചിത്രകലാക്യാമ്പ്- കുട്ടികൾക്ക് വിവിധ മാധ്യമങ്ങളിൽ ചിത്രരചന നടത്താനുള്ള പരിശീലനം.<br>3. ചുറ്റും ലഭിക്കുന്ന ഭക്ഷ്യ വസ്തുക്കൾ ഉപയോഗിച്ച് മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ ഉണ്ടാക്കാൻ പരിശീലനം- സ്ക്വാഷ്, ജാം.<br>4. നോട്ട്ബുക്ക്, പേപ്പർ ബാഗ് നിർമ്മാണ പരിശീലനം.<br>5. സാഹിത്യ സമാജം, വിദ്യാരംഗം എന്നിവയുടെ നേതൃത്വത്തിൽ വയലാർ അനുസ്മരണ പരിപാടി.<br>**<u>പൊതുവിജ്ഞാനം.</u>**<br>പഞ്ചമാസ പ്രശ്നോത്തരി (മെഗാക്വിസ്- സമാപനം) | പ്രവൃത്തി പരിചയ അധ്യാപിക<br><br>വിദ്യാരംഗം |

## <u>നവംബർ 2025</u>

| **പ്രവർത്തനം** | **റിമാർക്ക്സ്** |
|---|---|
| **<u>ദിനാചരണങ്ങൾ</u>**<br>1. കേരളപ്പിറവിദിനം, ശിശുദിനം എന്നിവ ആഘോഷിക്കുന്നു.<br>2. കേരള ക്വിസ്, കേരളം- കാലഘട്ടങ്ങളിലൂടെ (പ്രദർശനം)<br>3. ശിശുദിനറാലി - കുട്ടികളുടെ പാർലമെന്റ്.<br>4.കുട്ടികൾ നേതൃത്വം നൽകുന്ന അസംബ്ലി, കുട്ടികളുടെ നേതൃത്വത്തിൽ ക്ലാസ്സുകൾ. | SRG |

| | |
|---|---|
| **<u>മലയാളം, ഇംഗ്ലീഷ്,ഹിന്ദി</u>**<br>1. ക്ലാസ്സ്തല കൈയെഴുത്ത് മാസിക പ്രകാശനം<br>2. എഴുത്തുകാരുടെ പോർട്രെയിറ്റ് ഗ്യാലറി തയ്യാറാക്കുന്നു.<br>3. ഇംഗ്ലീഷ് ക്വിസ്, ഇംഗ്ലീഷ് അസംബ്ലി<br>4. ഇംഗ്ലീഷ് ഡേ- എല്ലാ സംഭാഷണങ്ങളും ഇംഗ്ലീഷിൽ<br>5. സ്പെഷ്യൽ ഇംഗ്ലീഷ് ക്യാമ്പ്.<br>6. ഹിന്ദി നാടകീകരണം- സാഹിത്യ സമാജത്തിൽ അവതരണം. | SRG, 3000/ |
| **<u>ശാസ്ത്രം,ഗണിതം, സാമൂഹ്യശാസ്ത്രം</u>**<br>1. വാനനിരീക്ഷണ ക്യാമ്പ്.<br>2. കേരള ചരിത്ര പ്രദർശനം- സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ പഴയകാല കാർഷികോപകരണങ്ങൾ, വീട്ടുസാധനങ്ങൾ, നാണയങ്ങൾ എന്നിവയുടെ പ്രദർശനം.<br>3. ഫീൽഡ് ട്രിപ്പ്- സമീപത്തെ ചരിത്രസ്മാരകം - കുടക്കല്ല് ( പെരികമന ഇല്ലം)<br>4. ഗണിതം മധുരം ക്യാമ്പ്.<br>5.ഭൂമിശാസ്ത്ര, ചരിത്ര പഠനത്തിനാവശ്യമായ ഐ സി ടി പഠനസാമഗ്രികൾ ശേഖരിക്കൽ. | SRG,2000/-<br>SRG, SMC, 1000/-<br><br>SRG, 3000/-<br><br>SITC |
| **<u>കലാകായികം, പ്രവൃത്തി പരിചയം, ക്ലബ്ബ്, ശുചിത്വം</u>**<br>1. എയ്റോബിക്സ് പരിശീലനം- അമ്മമാർക്ക്.<br>2. സോപ്പ്, അലക്കുപൊടി എന്നിവയുടെ നിർമ്മാണ പരിശീലനം- അമ്മമാർക്ക് - നേതൃത്വം മദർ പി ടി എ.<br>3. സാമൂഹ്യശാസ്ത്രക്ലബ്ബിന്റെ കേരളപ്പിറവി ദിനാഘോഷം.<br>4. സ്കൂൾ പാർലമെന്റിന്റെ നേതൃത്വത്തിൽ പ്രത്യേക ശിശുദിന പരിപാടികൾ.<br>കൂക്കാനം ടൈംസ് (പത്രം ) | 5000/- |

## ഡിസംബർ 2025

| പ്രവർത്തനം | റിമാർക്സ് |
|---|---|
| **ദിനാചരണങ്ങൾ**<br>1. ക്രിസ്തുമസ്, പുതുവൽസരാഘോഷം<br>2. കുട്ടികളുടെ സഹവാസ ക്യാമ്പ് (സോഷ്യൽ സർവ്വീസ് സ്കീം)<br>അവധിക്കാല ക്യാമ്പിന്റെ ഭാഗമായി കുട്ടികൾക്ക് ഹിന്ദി, ഇംഗ്ലീഷ് സിനിമ, ഡോക്യുമെന്ററി പ്രദർശനം.<br>പൊതുജന പങ്കാളിത്തത്തോടെ കുട്ടികളുടെ കലാസന്ധ്യ.<br>കൂക്കാനം ടൈംസ് | SRG<br>**10,000**<br>**SSSS Fund**<br><br>**5000/-** |

## ജനുവരി 2026

| പ്രവർത്തനം | റിമാർക്സ് |
|---|---|
| **ദിനാചരണങ്ങൾ**<br>1. റിപ്പബ്ലിക് ദിനം, പുതുവത്സരാഘോഷം, രക്തസാക്ഷിദിനം.<br>2. ദേശഭക്തിഗാനങ്ങൾ, പോസ്റ്റർ രചന, മൗനാചരണം, ഗാന്ധിക്വിസ്. | **SRG** |
| **മലയാളം, ഇംഗ്ലീഷ്,ഹിന്ദി**<br>1. കുട്ടികളുടെ എഴുത്തുകൂട്ടം<br>2. സാഹിത്യാസ്വാദന പരിശീലനം.<br>3. പുസ്തക ചർച്ച- 6,7 ക്ലാസ്സുകൾക്ക്<br>4. അമ്മമാർക്ക് വായനാ മത്സരം.<br>5. 5. ഇംഗ്ലീഷ് മാഗസിൻ- ക്ലാസ് തലം<br>6. പ്രാദേശിക സ്കൂൾ വാർത്തകൾ ഉൾപ്പെടുത്തി പത്രം. - കൂക്കാനം ടൈംസ്<br>7. ഹിന്ദി ഫെസ്റ്റ്. | വിദ്യാരംഗം<br>**SRG. MPTA**<br><br>5,000/ |

| | |
|---|---|
| **<u>ശാസ്ത്രം,ഗണിതം, സാമൂഹ്യശാസ്ത്രം</u>** | |
| 1. ഫീൽഡ് ട്രിപ്പ്- പ്ലാനറ്റേറിയം, സയൻസ് പാർക്ക്, മൃഗശാല. | SRG |
| 2. എൽ എസ് എസ്, യു എസ്,എസ് എഴുതുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം. | SRG |
| **<u>ക്ലബ്ബ് പ്രവർത്തനം, കലാകായികം</u>** | |
| 1. എയ്റോബിക്സ് ഡിസ്പ്ലേ.. | |
| 2. പ്രവൃത്തി പരിചയത്തിന്റെ ഭാഗമായി നിർമ്മിച്ച ഉത്പന്നങ്ങളുടെ പ്രദർശനം. | കായികാധ്യാപകൻ<br>1000 രൂപ |
| 3. സ്കൂൾ വാർഷിക കായികമേള. | 5000 രൂപ |

**<u>ഫെബ്രുവരി 2026</u>**

| പ്രവർത്തനം | റിമാർക്സ് |
|---|---|
| **<u>ദിനാചരണങ്ങൾ</u>**<br>1. മാതൃഭാഷാദിനം, ദേശീയ ശാസ്ത്ര ദിനാചരണം<br>മാതൃഭാഷാ പ്രതിജ്ഞ, ശാസ്ത്ര ക്വിസ് മത്സരം<br>ശാസ്ത്രജ്ഞരുടെ ഫോട്ടോ പ്രദർശനം<br>ശാസ്ത്രമാസിക (കൈയെഴുത്ത്) പ്രകാശനം. | SRG |
| **<u>മലയാളം, ഇംഗ്ലീഷ്,ഹിന്ദി</u>**<br>1.ഇംഗ്ലീഷ് മാഗസിൻ പ്രകാശനം.<br>3. എഴുത്തുകാരുടെ പോർട്രെയിറ്റ് ഗ്യാലറി ഉദ്ഘാടനം<br>4. ഹിന്ദി നാടകങ്ങൾ (പാഠഭാഗത്തിന്റെ ഭാഗമായി.) | |

| | |
|---|---|
| **<u>ശാസ്ത്രം,ഗണിതം, സാമൂഹ്യശാസ്ത്രം</u>**<br>1. ദേശീയ ശാസ്ത്രദിനാചരണം.<br>2. ശാസ്ത ക്വിസ്.<br>3. ശാസ്ത്രജ്ഞരുടെ ഫോട്ടോ പ്രദർശനം.<br>4. എൽ.എസ്.എസ്., യു.എസ്.എസ് കുട്ടികൾക്ക് ഗണിതത്തിൽ പ്രത്യേക വർക്ക് ഷീറ്റുകളോടെ പരിശീലനം.<br>**<u>കലാകായികം, പ്രവൃത്തി പരിചയം</u>**<br>1. കുട്ടികളുടെ മാസ് ഡ്രിൽ.<br>2. കുട്ടികളുടെ കരാട്ടെ പ്രദർശനം.<br>3. കുട്ടികൾക്ക് ഹ്രസ്വകാല യോഗാ ക്ലാസ്സ്.<br>നാടിറങ്ങി നാടിനൊപ്പം (പൊതുഇട പാനോത്സവം) | SRG<br>1000/ |